"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം - വനം വന്യജീവി വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 03.09.2015-ൽ അന്തരിച്ച എൻ. ശിവരാമ പിള്ളയുടെ മകളായ ശ്രീമതി. കാർത്തിക.എസ്.പിള്ളയ്ക്ക് വനം വന്യജീവി വകപ്പിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.21/2025/F&WLD                    തീയതി, തിരുവനന്തപുരം, 16-07-2025

---

പരാമർശം:-
1. സ.ഉ(പി ) നം.4/2025 ഉഭപവ തീയതി 29.03.2025.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.02.2018 ലെ ഇ6/49414/16 നമ്പർ കത്ത്.
3. 13.03.2018 ലെ എഫ്3/471/2016/വനം നമ്പർ കത്ത്.
4. ശ്രീമതി കാർത്തിക എസ് പിള്ള സമർപ്പിച്ച 12.07.2022 ലെ അപേക്ഷ.
5. കൊല്ലം ജില്ലാ കളക്ടറുടെ 06.03.2025 ലെ DCKLM/11010/2024/S4 നമ്പർ കത്ത്.

## ഉത്തരവ്

വനം വന്യജീവി വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനത്തിൽ ഇരിക്കെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയ, 03.09.2015 ൽ അന്തരിച്ച എൻ. ശിവരാമ പിള്ളയുടെ മകളായ കാർത്തിക.എസ്.പിള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരമാർശം (2) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിച്ചിരുന്നു. സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്നവർ മരണപ്പെട്ടാൽ ആശ്രിതനിയമനം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ മേൽ അപേക്ഷ പരാമർശം (3) പ്രകാരം നിരസിച്ചിരുന്നു.

2. തന്റെ പിതാവിനൊപ്പം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയ ഫോറസ്റ്റ് വാച്ചർമാരായ ബി.വിജയന്റെ മകനായ മനു വിജയനും ഡി.സുരേഷ് കുമാറിന്റെ മകനായ സജിൻരേഷിനും ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, അപേക്ഷ പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട്

കാർത്തിക എസ്. പിള്ള പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. മേൽ അപേക്ഷയിൽ അന്വേഷണ റിപ്പോർട്ട് കൊല്ലം ജില്ലാ കലക്ടർ പരാമർശം(5) പ്രകാരം സമർപ്പിക്കുകയുണ്ടായി.

3. കൊട്ടാരക്കര താഹസിൽദാറുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം മരണപ്പെട്ട ജീവനക്കാരന്റെ അന്തരാവകാശികൾ സരസ്വതി അമ്മ (ഭാര്യ), മക്കളായ കാർത്തിക.എസ്.പിള്ള, ലക്ഷ്മി എസ് പിള്ള എന്നിവരാണ്. അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് മറ്റു അവകാശികൾ സമ്മത മൊഴി നൽകിയിട്ടുണ്ട്. ആശ്രിത നിയമനം ലഭിച്ചാൽ പരേതന്റെ മറ്റു അവകാശികളെ സംരക്ഷിക്കാമെന്നു അപേക്ഷക സംരക്ഷണ സമ്മത മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 25.05.1989 ആണ്. ടിയാൾക്ക് 36 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് നടുവത്തൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എൻ. ശിവരാമ പിള്ളയുടെ ആശ്രിതയായിരുന്നു ശ്രീമതി. കാർത്തിക എസ്. പിള്ള എന്ന് കൊട്ടാരക്കര താഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്ലസ് ടു, ടി.ടി.സി.-യാണ് ടിയാളുടെ വിദ്യാഭ്യാസ യോഗ്യത.

4. ശ്രീമതി കാർത്തിക എസ് പിള്ള യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സമാന കേസുകളിൽ ആശ്രിതനിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ, വനം വന്യജീവി വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 03.09.2015-ൽ അന്തരിച്ച എൻ. ശിവരാമ പിള്ളയുടെ മകളായ ശ്രീമതി. കാർത്തിക.എസ്.പിള്ളയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ 26500-60700 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

5. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഉത്തരവ് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പുറപ്പെടുവിക്കേണ്ടതാണ്.

6. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം),

തിരുവനന്തപുരം.

ജില്ലാ കളക്ടർ, കൊല്ലം.

കാർത്തിക എസ് പിള്ള, ശബരി ഹൗസ് ചാത്തൂർ, അമ്പലത്തുംക്കാല പി ഒ, കൊല്ലം-691505(രജിസ്റ്റർഡ് തപാൽ ).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് & എ & ഇ, ) കേരള.

പൊതുഭരണ (എസ് .സി) വകുപ്പ് (ഇനം നമ്പർ 3122 തീയതി 10.07.2025).

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ!/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 16-07-2025 14:17:15

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. എഫ്3/181/2022/വനം. ഇനം നം: 3122

വിഷയം : വനം-വന്യജീവി വകുപ്പ് - ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കെ അന്തരിച്ച എൻ. ശിവരാമപിള്ളയുടെ മകൾ ശ്രീമതി. കാർത്തിക എസ് പിള്ളയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

AS(FWLD)

F
14/7
AS

3122

**കേരള സർക്കാർ**

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്3/181/2022/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കെ അന്തരിച്ച എൻ. ശിവരാമ പിള്ളയുടെ മകൾ ശ്രീമതി. കാർത്തിക എസ്. പിള്ളയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 16.06.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അല്ല. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ്, നിയമ വകുപ്പ്<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സൂസൻ ഗോപി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.07.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07.07.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭയോഗത്തിനുള്ള കുറിപ്പ്

വനം വന്യജീവി വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 03.09.2015-ൽ അന്തരിച്ച എൻ. ശിവരാമ പിള്ളയുടെ മകളായ ശ്രീമതി. കാർത്തിക.എസ്.പിള്ളയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിനാധാരമായ വിഷയം.

2. 20 വർഷത്തിലേറെയായി വനം വകുപ്പിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന എൻ. ശിവരാമ പിള്ള ഉൾപ്പടെ 135 പേരെ 14.05.2015 ലെ സ.ഉ.(എം.എസ്) നം.29/2015/വനം.നം. സർക്കാർ ഉത്തരവിലൂടെ സൂപ്പർന്യൂമററി തസ്തികയിൽ സ്ഥിരപ്പെടുത്തുകയുണ്ടായി. എൻ. ശിവരാമ പിള്ളയുടെ മരണത്തെതുടർന്ന് ആശ്രിത നിയമനത്തിനായി ടിയാളുടെ മകൾ ശ്രീമതി. കാർത്തിക.എസ്.പിള്ള 18.09.2017-ൽ സമർപ്പിച്ച അപേക്ഷ, സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്നവർ മരണപ്പെട്ടാൽ ആശ്രിതർക്ക് ആശ്രിതനിയമനം നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ നിരസിച്ചിരുന്നു.

3. തന്റെ പിതാവിനൊപ്പം ഫോറസ്റ്റ് വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയ ബി.വിജയന്റെ മകനായ ശ്രീ. മനു വിജയനും ഡി.സുരേഷ് കുമാറിന്റെ മകനായ ശ്രീ. സജിൻരേഷിനും ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, അപേക്ഷ പുനഃപരിശോധിക്കണമെന്ന് കാണിച്ച് ശ്രീമതി കാർത്തിക എസ്. പിള്ള അപേക്ഷ സമർപ്പിക്കുകയുണ്ടായി. നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ, മന്ത്രിസഭാ യോഗ തീരുമാനപ്രകാരമാണ് ശ്രീ. സജിൻരേഷിനും ശ്രീ. മനു വിജയനും ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകിയിരുന്നത്.

4. ശ്രീമതി. കാർത്തിക എസ് പിള്ളയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി

"24.05.1999 -ലെ ജി.ഒ(പി) 12/1999/പി&എ.ആർ.ഡി നമ്പർ ഉത്തരവുകളോ അനുബന്ധ ഉത്തരവുകളോ പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല ശ്രീ. സജിൻരേഷിന്റെ കേസിലും മനു വിജയന്റെ കേസിലും ഈ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നു കൊണ്ട് മന്ത്രി സഭയുടെ അനുമതിയോടെയാണ് ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളത്.ആകയാൽ മേൽ ഫയലുകളിൽ രേഖപ്പെടുത്തിയതിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായം ഈ വകുപ്പിന് രേഖപ്പെടുത്താനില്ലായെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കുന്നു".

5. തുടർന്ന് മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സമാനമായ കേസുകളിൽ ആശ്രിത നിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി. കാർത്തിക.എസ്.പിള്ള സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ അന്വേഷണ റിപ്പോർട്ടിനായി കൊല്ലം ജില്ലാ കലക്ടർക്ക് നൽകുകയുണ്ടായി. ജില്ലാ കലക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷക അർഹയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. ടിയാളുടെ ജനനതീയതി 25.05.1989 ആണ്. ടിയാൾക്ക് 36 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 48,000/- രൂപയാണെന്ന് നടുവത്തൂർ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എൻ. ശിവരാമ പിള്ളയുടെ ആശ്രിതയായിരുന്നു ശ്രീമതി കാർത്തിക എസ്. പിള്ള

എന്ന് കൊട്ടാരക്കര താഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്ലസ് ടു, ടി.ടി.സി.-യാണ് ടിയാളുടെ വിദ്യാഭ്യാസ യോഗ്യത. കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

7. നിയമ വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം നൽകുകയുണ്ടായി .

"സമാന സാഹചര്യത്തിൽ നിയമ വകുപ്പിൽ നിന്നും File No. D2/205/2024-Law നമ്പർ ഫയലിൽ അഭിപ്രായം നല്കിയിട്ടുള്ളതാണ്. . ആയതു ചുവടെ ചേർക്കുന്നു:

" വനം വന്യജീവി വകുപ്പിൽ പറമ്പിക്കുളം ഡിവിഷനു കീഴിലെ സുങ്കം റേഞ്ചിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 13.01.2020 ൽ അന്തരിച്ച കെ. സുബ്രഹ്മണ്യന്റെ മകൻ ശ്രീ. വിഷ്ണു.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം തേടുന്നതിനായാണ് ഫയൽ കൈമാറി നൽകിയിട്ടുള്ളത്.

സമാന വിഷയത്തിൽ ഈ വകുപ്പ് No. 1543/ഉപദേശം D2/18/നിയമം നമ്പർ ഫയലിൽ ചുവടെ പറയുന്ന അഭിപ്രായം നല്കിയിട്ടുള്ളതായി കാണുന്നു.

"സർക്കാർ സേവനത്തിലിരിക്കേ ഒരു ദിവസവേതനക്കാരൻ മരണപ്പെട്ടാൽ ടിയാന്റെ ആശ്രിതന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കാൻ അർഹതയുണ്ടോ എന്ന കാര്യം ബഹു. സുപ്രീം കോടതി, General Manager, Uttaranchal Jal Sansthan Vs Laxmi Devi& Others(2009) 7 SCC 205 എന്ന കേസിൽ തീർപ്പാക്കിയിട്ടുണ്ട്. ടി കേസിൽ ബഹു.കോടതി താഴെപ്പറയും പ്രകാരം വിധിച്ചിട്ടുണ്ട്.

"The respondents would have been eligible for compassionate appointment if the deceased employees were treated as "Government Servants" under the relevant Rules and in absence of

the same, the benefit cannot be granted. മരണപ്പെട്ടയാൾ ദിവസവേതനക്കാരനാണെങ്കിലും ആശ്രിതനിയമന ചട്ടപ്രകാരം "Government Servants" ന്റെ നിർവചനത്തിൽ ടിയാൻ ഉൾപ്പെട്ടിരുന്നുവെങ്കിൽ ടിയാന്റെ ആശ്രിതന് നിയമനം ലഭിക്കുവാൻ അർഹതയുണ്ടെന്നാണ് ബഹു. സുപ്രീം കോടതി ഉത്തരവിട്ടത്".

ഈ കേസിൽ വനം വകുപ്പിൽ 20 വർഷത്തിലേറെയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കി വന്ന ശ്രീ ഡി. സുരേഷ് കുമാറിനെ 14.05.2015 ലെ സർക്കാർ ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ ഉത്തരവ് കൈപ്പറ്റും മുൻപേ മരണപ്പെടുകയുണ്ടായി. ആശ്രിതനിയമനം നൽകുന്നതു സംബന്ധിച്ച കേരള സർക്കാർ പുറപ്പെടുവിച്ച 24.05.1999 ലെ GO(P) No. 12/99/P &ARD നമ്പർ സർക്കാർ ഉത്തരവിന്റെ 4-ാം ഖണ്ഡികയിൽ പ്രസ്തുത നിയമനത്തിന് ആർക്കൊക്കെ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി ഖണ്ഡിക താഴെ പറയും പ്രകാരമാണ്.

"Application from dependents of Government Servants who die in harness will be considered for employment assistance under the scheme. "Government Servants shall include contingent and work establishment personnel, part time employees, N.M.R Workers, Seasonal employees under various Government departments, Permanent labourers of the Agriculture Department and Panchayat employees".

മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം N.M.R Workers, contingent Workers, Seasonal employees എന്നിവരും "Government

Servants" ന്റെ നിർവചനത്തിൽ വരുന്നതാണ്. N.M.R വ്യവസ്ഥയിൽ ജോലി ചെയ്തു വരവേയാണ് ശ്രീ. ഡി. സുരേഷ് കുമാറിനെ വനം വകുപ്പിൽ സ്ഥിരപ്പെടുത്തിയത്. മേൽ സാഹചര്യത്തിൽ ബഹു. സുപ്രീം കോടതിയുടെ General Manager, Uttaranchal Jal Sansthan Vs Laxmi Devi& Others എന്ന കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ടിയാന്റെ ആശ്രിതനും മകനുമായ ശ്രീ. സജിൻരേഷിന് ആശ്രിതനിയമനം നൽകുന്നതിന് നിയമതടസ്സമില്ല ഇക്കാര്യത്തിൽ ഭരണവകുപ്പിന് ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്. ''

ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"24.05.1999 ലെ സ.ഉ(പി) നം 12/99/ഉഭപവ ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം സർക്കാർ സർവീസിൽ റെഗുലർ തസ്തികയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ ആശ്രിതർക്ക് മാത്രമാണ് നിലവിൽ ആശ്രിത നിയമനത്തിന് അർഹതയുള്ളൂ. അതിനാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയുടെ ആനുകൂല്യത്തിന് നിലവിൽ അർഹതയില്ലയെന്ന വിവരം ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

ആശ്രിത നിയമനം എന്നത് ഭരണഘടനയുടെ Article 14 & 16 എന്നിവയുടെ exception ആയതിനാൽ ആശ്രിത നിയമനം സംബന്ധിച്ച ചട്ടം രൂപീകരിച്ചിട്ടുണ്ടെങ്കിൽ ആയതിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം ടിയാന്റെ അപേക്ഷ ആശ്രിത നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പരിഗണിക്കാൻ സാധിക്കില്ല എന്നും N.C. Santhosh Vs The State Of Karnataka AIR 2020 SUPREME COURT 1401 കേസിൽ ബഹു സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്.

"..........It is well settled that for all government vacancies equal opportunity should be provided to all aspirants as is mandated under Articles 14 and 16 of the Constitution. However appointment on compassionate ground offered to a dependant of a deceased employee is an exception to the said norms. In Steel Authority of India Limited vs. Madhusudan Das & Ors. 2 It was remarked accordingly that compassionate appointment is a concession and not a right and the criteria laid down in the Rules must be satisfied by all aspirant. (2008) 15 SCC 560.......

..................Applying the law governing compassionate appointment culled out from the above cited judgments, our opinion on the point at issue is that the norms, prevailing on the date of consideration of the application, should be the basis for consideration of claim for compassionate appointment. A dependent of a government employee, in the absence of any vested right accruing on the death of the government employee, can only demand consideration of his/her application. He is however dis entitled to seek consideration in accordance with the norms as applicable, on the day of death of the government employee....."

23) 24.05.1999 ലെ GO(P) No. 12/99/P&ARD നമ്പർ സർക്കാർ ഉത്തരവിന്റെ ആമുഖത്തിൽ തന്നെ ഇപ്രകാരം പറഞ്ഞിട്ടുണ്ട്;

"....Government have introduced a Scheme to provide employment assistance to the dependents of Government servants who die in harness. The intention of the scheme was to provide expeditious relief to the immediate family of the deceased

Government Servants, who will suffer in the absence of such a relief..."

ടി ഉത്തരവിന്റെ 4-ാം ഖണ്ഡികയിൽ പ്രസ്തുത നിയമനത്തിന് ആർക്കൊക്കെ അർഹതയുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി ഖണ്ഡിക താഴെ പറയും പ്രകാരമാണ്.

"Application from dependents of Government Servants who die in harness will be considered for employment assistance under the scheme. "Government Servants shall include contingent and work establishment personnel, part time employees, N.M.R Workers, Seasonal employees under various Government departments, Permanent labourers of the Agriculture Department and Panchayat employees".

ടി ഉത്തരവിന്റെ15-ാം ഖണ്ഡിക താഴെ പറയും പ്രകാരമാണ്;

" There shall be no minimum service restriction. Dependents of those Government Servants who are regularly appointed and employed in Government Service shall be eligible for the benefit of the scheme irrespective of the length of service. Category of appointment "

ആയതിന്റെ അടിസ്ഥാനത്തിൽ, 24.05.1999 ലെ GO(P) No. 12/99/P &ARD നമ്പർ ഉത്തരവിൽ സൂപ്പർ ന്യൂമററി തസ്തികയിലെ ജീവനക്കാർ മരണപ്പെട്ടാൽ ആശ്രിത നിയമനത്തിനു വ്യവസ്ഥയില്ല എന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 30/08/2024 തീയതിയിലെ അഭിപ്രായത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ, ബഹു. സുപ്രീം കോടതി, വ്യത്യസ്ത സാഹചര്യത്തിലാണെങ്കിലും, The State of West Bengal vs. Debabrata Tiwari and Ors. (Civil Appeal

Nos. 8842-8855 of 2022) എന്ന കേസിൽ, (Sushma Gosain vs. Union of India, (1989) 4SCC 468, Umesh Kumar Nagpal vs. State of Haryana, (1994) 4 SCC138, Haryana State Electricity Board vs. Hakim Singh, (1997)8 SCC 85, State of Haryana vs. Ankur Gupta, AIR 2003 SC3797 Jagdish Prasad vs. State of Bihar, (1996) 1 SCC 301. I.G. (Karmik) vs. Prahalad Mani Tripathi, (2007) 6 SCC 162, Mumtaz Yunus Mulani vs. State of Maharashtra, (2008) 11 SCC 384, State of Jammu and Kashmir vs. Sajad Ahmed Mir, AIR 2006 SC 2743 എന്നീ വിധിന്യായങ്ങൾ അവലോകനം ചെയ്തു കൊണ്ട്), ആശ്രിത നിയമനം സംബന്ധിച്ച് ചുവടെ പറയും പ്രകാരം ഉത്തര വായിട്ടുള്ളതാണ്:

"On consideration of the aforesaid decisions of this Court, the following principles emerge:

i. That a provision for compassionate appointment makes a departure from the general provisions providing for appointment to a post by following a particular procedure of recruitment. Since such a provision enables appointment being made without following the said procedure, it is in the nature of an exception to the general provisions and must be resorted to only in order to achieve the stated objectives, i.e., to enable the family of the deceased to get over the sudden financial crisis.

ii. Appointment on compassionate grounds is not a source of recruitment. The reason for making such a benevolent scheme by the State or the public sector undertaking is to see that the dependants of the deceased are not deprived of the means of livelihood. It only enables the family of the deceased to get over the sudden financial

crisis.

iii. Compassionate appointment is not a vested right which can be exercised at any time in future. Compassionate employment cannot be claimed or offered after a lapse of time and after the crisis is over.

iv. That compassionate appointment should be provided immediately to redeem the family in distress. It is improper to keep such a case pending for years.

v. In determining as to whether the family is in financial crisis, all relevant aspects must be borne in mind including the income of the family, its liabilities, the terminal benefits if any, received by the family, the age, dependency and marital status of its members,together with the income from any other source.

7.3. The object underlying a provision for grant of compassionate employment is to enable the family of the deceased employee to tide over the sudden crisis due to the death of the bread-earner which has left the family in penury and without any means of livelihood. Out of pure humanitarian consideration and having regard to the fact that unless some source of livelihood is provided, the family would not be in a position to make both ends meet, a provision is made for giving gainful appointment to one of the dependants of the deceased who may be eligible for such appointment. Having regard to such an object, it would be of no avail to grant compassionate appointment to the dependants of the deceased employee, after the crisis which arose on account of death of a bread-winner, has been overcome. Thus, there is also a

compelling need to act with a sense of immediacy in matters concerning compassionate appointment because on failure to do so, the object of the scheme of compassionate would be frustrated. Where a long lapse of time has occurred since the date of death of the deceased employee, the sense of immediacy for seeking compassionate appointment would cease to exist and thus lose its significance and this would be a relevant circumstance which must weigh with the authorities in determining as to whether a case for the grant of compassionate appointment has been made out for consideration."

ശ്രീ. വിഷ്ണുവിന്റെ പിതാവ് കെ. സുബ്രഹ്മണ്യൻ സൂപ്പർന്യൂമററി വാച്ചറായിരുന്നു എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 24.05.1999 ലെ GO(P) No. 12/99/P &ARD നമ്പർ ഉത്തരവിൽ 'Servants who are regularly appointed and employed' എന്നതിൽ സൂപ്പർന്യൂമററി തസ്തിക ഉൾപ്പെടുന്നില്ല എന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നിർണയിച്ചത്, എന്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാകുന്നില്ല. ബഹു. സുപ്രീം കോടതിയുടെ Union of India and Others Vs. Dr.Akhilesh Chandra Agrawal [(1998) 4 SCC 107]വിധിന്യായത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

"The Tribunal treated supernumerary posts as different one from the regular posts. This view of the Tribunal cannot be sustained in view of a decision of this Court in D.K.Reddy & Anr. This Court while considering a similar question repelled an argument similar to the view taken by the Tribunal by observing as follows :-

"As a result of such an exercise, if need arose appellant no. 1

could be treated to have been holding supernumerary post in Junior Time Scale Grade of Group `A' posts and in all other promotional cadres. He cannot be treated to be outside the sanctioned strength of Posts in Junior Time Scale grade of Group `A' or other promotional posts as contended by learned counsel for respondents. Otherwise, the very creation of supernumerary posts would become otiose and meaningless."

**ആകയാൽ, ശ്രീ വിഷ്ണുവിന്റെയും കുടുംബത്തിന്റെയും വാർഷിക വരുമാനവും ഉപജീവനത്തിനായി മറ്റു വരുമാനമാർഗ്ഗങ്ങൾ ഇല്ല എന്നത് പരിഗണിച്ചും, മേൽ പ്രതിപാദിച്ച വിധിന്യായങ്ങളുടെ അന്തസ്സത്ത പരിഗണിച്ചും, ഭരണവകുപ്പിനു ഉചിതമായ തീരുമാനം കൈകൊള്ളാവുന്നതാണ്.** "

ശ്രീ. വിഷ്ണു.എസ്-നു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയത്തിൽ നിയമ വകുപ്പിന്റെ അഭിപ്രായം, ഭരണ വകുപ്പിന്റെ F3/71/2024-FWLD-നമ്പർ ഫയലിൽ മേൽ ഖണ്ഡിക പ്രകാരം നല്കിയിട്ടുള്ളതാണ്. സമാനമായ കേസ് ആണ് ശ്രീമതി കാർത്തിക.എസ്.പിള്ള യുടേത് എന്ന് ഭരണ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന വിഷയത്തിൽ ശ്രീമതി കാർത്തിക എസ് പിള്ളയുടെ കേസും ശ്രീ.വിഷ്ണു.എസ്-ന്റെ കേസും സമാനമാണെന്ന് ഭരണ വകുപ്പ് ഉറപ്പാക്കി സമാനമാണെന്ന് കാണുന്ന പക്ഷം ഈ വകുപ്പ് ഇതേ വിഷയത്തിൽ ഭരണ വകുപ്പ് ഫയൽ നമ്പർ F3/71/2024-FWLD-ൽ 30.10.2024-തീയതിയിൽ (Law Dept File No. OPN-D2/205/2024-LAW) നൽകിയിട്ടുള്ള അഭിപ്രായം കണക്കിലെടുത്തു ശ്രീമതി. കാർത്തിക എസ് പിള്ളയുടെ കേസിലും തുടർനടപടികൾ സ്വീകരിക്കാവുന്നതാണ് ".

8. വനം വന്യജീവി വകുപ്പിൽ സൂപ്പർന്യൂമററി ആയി നിയമിതരായ ജീവനക്കാർ മരണമടയുമ്പോൾ അവരുടെ ആശ്രിതരെക്കൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തുകയെന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന് വിധേയമായതിനാൽ, മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ.ഉ (കൈ) നം. 18/2025/വനം തീയതി 30.05.2025 പ്രകാരം, വനം വന്യജീവി വകുപ്പിൽ പറമ്പിക്കുളം ഡിവിഷനു കീഴിലെ സുങ്കം റേഞ്ചിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 13.01.2020-ൽ അന്തരിച്ച കെ. സുബ്രഹ്മണ്യന്റെ മകൻ ശ്രീ വിഷ്ണു.എസ്-ന് സമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ പാലക്കാട് ജില്ലയിൽ ക്ലർക്കായി ജോലി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

9. എൻ. ശിവരാമ പിള്ളയുടെ മകളായ ശ്രീമതി കാർത്തിക.എസ്.പിള്ള-ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ചീഫ് സെക്രട്ടറി കണ്ട് സമർപ്പിക്കുന്നതിന് ബഹു മുഖ്യമന്ത്രി ഉത്തരവായി. തുടർന്ന് ചീഫ് സെക്രട്ടറി താഴെ പറയും പ്രകാരം ഉത്തരവായി.

"സമാന കേസുകളിൽ ആശ്രിതനിയമനം നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി കാർത്തിക എസ് പിള്ളയുടെ കേസും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്".

10. ചീഫ് സെക്രട്ടറിയുടെ നിർദ്ദേശം അംഗീകരിച്ച ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

വനം വന്യജീവി വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ ഫോറസ്റ്റ് വാച്ചറായി സേവനത്തിലിരിക്കേ 03.09.2015-ൽ അന്തരിച്ച എൻ. ശിവരാമ പിള്ളയുടെ മകളായ ശ്രീമതി. കാർത്തിക.എസ്.പിള്ളയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം വനം വന്യജീവി വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലർക്കായി ജോലി നൽകുന്നതിന് അനുമതി നൽകാമോ?